No. CEE/2666/PGN-2021/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി നഴ്സിംഗ്) കോഴ്സിലേയ്ക്കുള്ള പ്രവേശനം–2021
## അപേക്ഷകർക്ക് പ്രൊഫൈൽ പരിശോധിക്കാൻ അവസരം

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ കേന്ദ്രങ്ങളിൽ വച്ച് 16.01.2022 ൽ നടക്കുന്ന എം.എസ്.സി നഴ്സിംഗ് കോഴ്സ് (2021) പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അവർ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധിക്കുന്നതിന് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക് അവരുടെ പേര്, ജനനതീയതി, നേറ്റിവിറ്റി, സാമുദായിക സംവരണം, ഫീസ്, ഫോട്ടോ, ഒപ്പ് തുടങ്ങിയ വിവരങ്ങൾ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ഹോം പേജിലെ **'Memo Details'** എന്ന ലിങ്കിലൂടെ ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഇതിനായുള്ള അവസരം 06.01.2022 വൈകുന്നേരം 3.00 മണിവരെ ലഭ്യമാകുന്നതാണ്.ന്യൂനതകൾ പരിഹരിക്കുന്നതിനായി നേരിട്ടോ, ഇ–മെയിൽ മുഖേനയോ, തപാൽ മുഖേനയോ ലഭിക്കുന്ന സർട്ടിഫിക്കറ്റുകളോ പരാതികളോ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. വിശദമായ വിജ്ഞാപനത്തിനായി **www.cee.kerala.gov.in** എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

ഹെൽപ് ലൈൻ നം.0471–2525300

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം

27.12.2021